# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.412 — 27.02.2018-ൽ മറുപടിയ്ക്ക്

## ലോട്ടറി കേന്ദ്രീകരിച്ച് നടക്കുന്ന തട്ടിപ്പുകൾ

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എഴുത്ത് ലോട്ടറി വ്യാപകമാകുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; | (എ) | ഉണ്ട്. എഴുത്ത് ലോട്ടറി തട്ടിപ്പ് നിയന്ത്രിക്കുന്നതിനും തടയുന്നതിനും വകുപ്പ് തലത്തിലും പോലീസ് മുഖേനയും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എഴുത്ത് ലോട്ടറി നിയന്ത്രിക്കുന്നതിലേക്കായി പോലീസ് വകുപ്പിന്റെ 12.05.2017 ലെ D3-186147/2016/PHQ നമ്പർ ഉത്തരവ് പ്രകാരം നിയമവിധേയ ലോട്ടറി നടത്തിപ്പ് ലക്ഷ്യമിട്ട് രൂപീകൃതമായ മോണിറ്ററിംഗ് സെല്ലുകൾ DGP (Crimes) ന്റെ നേതൃത്വത്തിൽ സോണൽ തലത്തിൽ പുന സംഘടിപ്പിക്കുകയുണ്ടായി. എഴുത്ത് ലോട്ടറി നടത്തിപ്പ് സംബന്ധിച്ച് ഭാഗ്യക്കുറി വകുപ്പിന്റെ ഓഫീസുകളിൽ ലഭ്യമാകുന്ന പരാതികളും മാധ്യമ വാർത്തകളും ക്രോഡീകരിച്ച് ലോട്ടറി ആക്റ്റിലേയും, റൂളിലേയും വ്യവസ്ഥകൾ ചേർത്ത് കേസെടുക്കുന്നതിനായി യഥാസമയം IGP (Crimes) ന് നൽകി വരുന്നു. 29.01.2018 ന് സംസ്ഥാന വ്യാപകമായി എഴുത്ത് ലോട്ടറിക്കെതിരെ നടന്ന റെയ്ഡിൽ 49 കേസുകളിലായി 57 പേരുടെ അറസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എഴുത്ത് ലോട്ടറിയുമായി ബന്ധപ്പെട്ട് പോലീസ് രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ ഉൾപ്പെടുന്ന ഏജൻറുമാരുടെ പേരിലും ഏജൻറുമാരല്ലാത്ത വിൽപ്പനക്കാർ ഉൾപ്പെടുന്ന പക്ഷം ഇത്തരം വിൽപ്പനക്കാർക്ക് ടിക്കറ്റുകൾ നൽകുന്ന ഏജൻറുമാർക്കെതിരെയും നടപടികൾ സ്വീകരിച്ചു വരുന്നു. അനധികൃത ലോട്ടറി |

| | | | |
|---|---|---|---|
| . | | | നടത്തിപ്പിൽ ഉൾപ്പെടുന്നവർ പിഴശിക്ഷ ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾക്ക് വിധേയരാകുമെന്ന് പത്രമാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തി വരുന്നു. |
| (ബി) | സംസ്ഥാന ലോട്ടറിയെ തകർക്കുന്ന തരത്തിലുള്ള ഇത്തരം മാഫിയകളെ തുടക്കത്തിൽ തന്നെ തടയാൻ കഴിയാത്തതിന് കാരണമെന്താണ് ; | (ബി) | നിയമാനുസൃതമല്ലാത്ത അന്യസംസ്ഥാന ലോട്ടറി നടത്തിപ്പ് ആരംഭിക്കാൻ ലക്ഷ്യമിട്ട ലോട്ടറി മാഫിയയുടെ അന്യ സംസ്ഥാന ലോട്ടറി ടിക്കറ്റുകൾ സംസ്ഥാനത്ത് എത്തിയപ്പോൾ തന്നെ പിടിച്ചെടുത്ത് പ്രസ്തുത ഏജൻസിക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എഴുത്ത് ലോട്ടറി മാഫിയയെ നിയന്ത്രിക്കുന്നതിലേക്കായി സംസ്ഥാന വ്യാപകമായി റെയ്ഡ് നടത്തി ഇവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | ലോട്ടറി കേന്ദ്രീകരിച്ച് നടക്കുന്ന വിവിധ തട്ടിപ്പുകളും നിയമപരമല്ലാത്ത മറ്റ് പ്രവണതകളും തടയുന്നതിന് ഏതെങ്കിലും തരത്തിലുള്ള സ്ഥിരം പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഇത്തരമൊരു സംവിധാനം ഒരുക്കുന്ന കാര്യം പരിശോധിക്കുമോ? | (സി) | ഉണ്ട്. 12.05.2017 ലെ പോലീസ് വകുപ്പിന്റെ D3-186147/2016/PHQ നമ്പർ ഉത്തരവ് പ്രകാരം എഴുത്ത് ലോട്ടറി നടത്തിപ്പ് നിരീക്ഷിക്കുന്നതിനും, അതുമായി ബന്ധപ്പെട്ട കേസുകൾ അന്വേഷിക്കുന്നതിനും സംസ്ഥാന തലത്തിൽ ADGP(Crimes) ന്റെ നേതൃത്വത്തിലും സോണൽ തലത്തിൽ IGP (Crimes) മാരുടെ നിയന്ത്രണത്തിലും മോണിറ്ററിംഗ് കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ തലത്തിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ ലോട്ടറി ഓഫീസർ, സൂപ്രണ്ട് ഓഫ് പോലീസ്, ചരക്ക് സേവന നികുതി വകുപ്പ് ഡെപ്യൂട്ടി കമ്മീഷണർ എന്നിവർ അംഗങ്ങളായി ജില്ലാ തല മോണിറ്ററിംഗ് സമിതികളും രൂപീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**